

## വിമലമാതാ അഡോറേഷൻ കോൺവെന്റ് വാടച്ചിറ

സ്ഥാപനം : 1995

രൂപതാദ്ധ്യക്ഷൻ അഭിവന്ദ്യ മാർ ജെയിംസ് പഴയാറ്റിൽ പിതാവിന്റെയും ഇടവകജനങ്ങളുടെയും വലിയ ആഗ്രഹമായിരുന്നു വാടച്ചിറ ഇടവകയിൽ ഒരു മഠവും സ്ക്കൂളും ഉണ്ടാകണമെന്നുള്ളത്. ബ. വൈദികരുടെയും ഇടവക ജനങ്ങളുടെയും പ്രതിനിധികൾ അന്നത്തെ മദർജനറലായിരുന്ന മദർ ഫെലിസിറ്റായെ കണ്ട് ആഗ്രഹമറിയിച്ചു. അതനുസരിച്ച് കോതമംഗലം പ്രൊവിൻസിന്റെ ഒരു ശാഖാമഠം വാടച്ചിറ പള്ളിമുറിയിലാരംഭിച്ചു. സ്ക്കൂളിനും മഠത്തിനും വേണ്ടി നാലര ഏക്കർ സ്ഥലം വാങ്ങിച്ച് 1997-ൽ മഠം പണി ആരംഭിച്ചു. 1998 -ൽ പണി പൂർത്തിയാക്കി വെഞ്ചരിച്ച് സിസ്റ്റേഴ്സ് താമസമാരംഭിച്ചു. വികസനം എല്ലാവർക്കും - വിദ്യാഭ്യാസത്തിലൂടെ എന്ന സ്ഥാപക പിതാവിന്റെ ദർശനമുൾക്കൊണ്ടുകൊണ്ട് ഒരു ഇംഗ്ലീഷ് മീഡിയം നേഴ്സറി സ്ക്കൂളിനും ആരംഭം കുറിച്ചു. ഇത് വളർന്ന് ഹയർ സെക്കണ്ടറി സ്ക്കൂൾ വരെ ഉയർന്നു കഴിഞ്ഞു. സഹോദരികൾ ഇടവകയുടെ വളർച്ചയ്ക്ക് നല്ലൊരു പങ്ക് വഹിക്കുന്നു. എല്ലാ വ്യാഴാഴ്ചകളിലും മഠം ചാപ്പലിൽ നത്തപ്പെടുന്ന 13 മണി ആരാധനയിൽ ഇടവക ജനങ്ങൾ പങ്കുചേരുന്നു.